**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 730** **02-02-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ സൗരോർജ്ജ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഊർജ്ജ വകുപ്പിനു കീഴിലുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന ആലപ്പുഴ നിയോജക മണ്ഡലത്തിൽ 6 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും അവ പൂർണ്ണതോതിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ആലപ്പുഴ നിയോജക മണ്ഡലത്തിൽ 'സൗര' പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെയായി 188 സൗര നിലയങ്ങൾ (699 KWP) സ്ഥാപിച്ചിട്ടുണ്ട്. സൗര ഫേസ് I നോൺ സബ്സിഡി പദ്ധതിയിൽ 12 നിലയങ്ങളും (55 KWP) സൗര ഫേസ് II സബ്സിഡി പദ്ധതിയിൽ 176 നിലയങ്ങളും (644 KWP) സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.<br><br>ആലപ്പുഴ കളക്ടേറ്റിൽ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കുമായി സൗര സബ്സിഡി സ്കീമിനെ കുറിച്ച് ക്ലാസ് നടത്തുകയുണ്ടായി. കൂടാതെ പ്രസ്തുത മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷനുകൾ കേന്ദ്രീകരിച്ച് പൊതുജനങ്ങളിൽ സൗര പദ്ധതിയെ കുറിച്ചുള്ള വിശദാംശങ്ങൾ എത്തിക്കാൻ സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തുകയുണ്ടായി.<br><br>ആലപ്പുഴ നിയോജക മണ്ഡലത്തിൽ 'ദ്യുതി' ഒന്നാം ഘട്ട പദ്ധതിയിൽപ്പെടുത്തി 11 kv ലൈൻ വർക്കുകൾ, LT ലൈൻ വർക്കുകൾ, റീ കണ്ടക്ടറിംഗ് വർക്കുകൾ, കൺവർഷൻ വർക്കുകൾ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ABC ലൈൻ വർക്കുകൾ, ലൈൻ നവീകരണ ജോലികൾ എന്നീ 43 പ്രവൃത്തികൾ 505.24 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | | കൂടാതെ കേന്ദ്രാവിഷ്കൃത ആർ.ഡി.എസ്.എസ്. പദ്ധതിയിൽപ്പെടുത്തി 11 kv ലൈൻ വർക്കുകൾ, LT ലൈൻ വർക്കുകൾ, റീ കണ്ടക്ടറിംഗ് വർക്കുകൾ, കൺവർഷൻ വർക്കുകൾ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ABC ലൈൻ വർക്കുകൾ, സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ, ലൈൻ നവീകരണ ജോലികൾ എന്നിങ്ങനെ 38 പ്രവൃത്തികളിലായി 635.95 ലക്ഷം രൂപയുടെ ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്.<br><br>ആലപ്പുഴ നിയോജക മണ്ഡലത്തിൽ, അനെർട്ട് മുഖേന ഗാർഹിക മേഖലയിൽ 136 അപേക്ഷകളിലായി 466 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഇവയിൽ 121 കിലോവാട്ട് കമ്മീഷൻ ചെയ്തു.<br><br>സൗരോർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവായി അനെർട്ട് നൽകുന്നുണ്ട്. കൂടാതെ റിന്യൂവബിൾഎനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യപങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും, ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന '**റെസ്കോ മോഡൽ**' പദ്ധതി അനെർട്ട് നടപ്പിലാക്കുന്നു. സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നത് സാമ്പത്തികമായി ലാഭകരമാണെന്ന് ഗാർഹിക ഉപഭോക്താക്കളെ ബോധ്യപ്പെടുത്തുന്നതിന് അനെർട്ട് വിവിധ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ സൗരോർജ്ജ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഊർജ്ജ വകുപ്പിനു കീഴിലുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന ആലപ്പുഴ നിയോജക മണ്ഡലത്തിൽ 6 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും അവ പൂർണ്ണതോതിൽ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ആലപ്പുഴ നിയോജക മണ്ഡലത്തിൽ 'സൗര' പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെയായി 188 സൗര നിലയങ്ങൾ (699 KWP) സ്ഥാപിച്ചിട്ടുണ്ട്. സൗര ഫേസ് I നോൺ സബ്സിഡി പദ്ധതിയിൽ 12 നിലയങ്ങളും (55 KWP) സൗര ഫേസ് II സബ്സിഡി പദ്ധതിയിൽ 176 നിലയങ്ങളും (644 KWP) സ്ഥാപിച്ചിട്ടുണ്ട്. |

പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

ആലപ്പുഴ കളക്ടേറ്റിൽ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കുമായി സൗര സബ്സിഡി സ്കീമിനെ കുറിച്ച് ക്ലാസ് നടത്തുകയുണ്ടായി. കൂടാതെ പ്രസ്തുത മണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷനുകൾ കേന്ദ്രീകരിച്ച് പൊതുജനങ്ങളിൽ സൗര പദ്ധതിയെ കുറിച്ചുള്ള വിശദാംശങ്ങൾ എത്തിക്കാൻ സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തുകയുണ്ടായി.

ആലപ്പുഴ നിയോജക മണ്ഡലത്തിൽ 'ദ്യുതി' ഒന്നാം ഘട്ട പദ്ധതിയിൽപ്പെടുത്തി 11 kv ലൈൻ വർക്കുകൾ, LT ലൈൻ വർക്കുകൾ, റീ കണ്ടക്ടറിംഗ് വർക്കുകൾ, കൺവർഷൻ വർക്കുകൾ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ABC ലൈൻ വർക്കുകൾ, ലൈൻ നവീകരണ ജോലികൾ എന്നീ 43 പ്രവൃത്തികൾ 505.24 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ചു.

കൂടാതെ കേന്ദ്രാവിഷ്കൃത ആർ.ഡി.എസ്.എസ്. പദ്ധതിയിൽപ്പെടുത്തി 11 kv ലൈൻ വർക്കുകൾ, LT ലൈൻ വർക്കുകൾ, റീ കണ്ടക്ടറിംഗ് വർക്കുകൾ, കൺവർഷൻ വർക്കുകൾ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ABC ലൈൻ വർക്കുകൾ, സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ, ലൈൻ നവീകരണ ജോലികൾ എന്നിങ്ങനെ 38 പ്രവൃത്തികളിലായി 635.95 ലക്ഷം രൂപയുടെ ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്.

ആലപ്പുഴ നിയോജക മണ്ഡലത്തിൽ, അനെർട്ട് മുഖേന ഗാർഹിക മേഖലയിൽ 136 അപേക്ഷകളിലായി 466 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഇവയിൽ 121 കിലോവാട്ട് കമ്മീഷൻ ചെയ്തു.

സൗരോർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവായി അനെർട്ട് നൽകുന്നുണ്ട്. കൂടാതെ റിന്യൂവബിൾഎനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യപങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും, ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന '**റെസ്കോ മോഡൽ**' പദ്ധതി

| | | | |
|---|---|---|---|
| | | | അനെർട്ട് നടപ്പിലാക്കുന്നു. സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നത് സാമ്പത്തികമായി ലാഭകരമാണെന്ന് ഗാർഹിക ഉപഭോക്താക്കളെ ബോധ്യപ്പെടുത്തുന്നതിന് അനെർട്ട് വിവിധ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (സി) | സർക്കാർ/എയ്ഡഡ് സ്കൂൾ/കോളേജുകളിലെ കമ്പ്യൂട്ടർ ലാബുകൾ സൗരോർജ്ജ പദ്ധതിയിൽപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ ഉൾപ്പെടുത്തി തുക ഒടുക്കുന്ന മുറയ്ക്ക് ഇ-ടെൻഡർ നടപടി ക്രമത്തിലൂടെ കെ.എസ്.ഇ.ബി.എൽ. സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് നൽകി വരുന്നു. സർക്കാർ സ്കൂളുകളിൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ അനെർട്ട് മുഖേന സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവ് നൽകുന്നുണ്ട്. |
| (ഡി) | സൗരോർജ്ജ പദ്ധതി നടപ്പിലാക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ഡി) | സൗര സബ്സിഡി പദ്ധതി വഴി സൗര നിലയം സ്ഥാപിക്കാൻ താഴെ പറയുന്ന മാനദണ്ഡങ്ങൾ ആവശ്യമാണ്.<br><br>1. അപേക്ഷകൻ ഗാർഹിക ഉപഭോക്താവായിരിക്കണം.<br><br>2. അപേക്ഷകന് സൗര നിലയം സ്ഥാപിക്കാൻ അനുയോജ്യമായ പുരപ്പുറമുണ്ടായിരിക്കണം.<br><br>3. സോളാർ പാനൽ DCR Content ഉള്ളതായിരിക്കണം.<br><br>4. ഉപഭോക്താവ് Application Fee 1000/- + GST അടച്ചാണ് കെ.എസ്.ഇ.ബി.എൽ. ൽ അപേക്ഷിക്കേണ്ടത്. Technical Feasibility ലഭിച്ചതിനുശേഷം സൗരനിലയം സ്ഥാപിക്കു ന്നതിനു വേണ്ടി രജിസ്ട്രേഷൻ ഫീ 1000/- + GST/KW അടക്കേണ്ടതാണ്. നിർമ്മാണം വിജയകരമാക്കി പൂർത്തിയാകുന്ന മുറയ്ക്ക് രജിസ്ട്രേഷൻ ഫീയുടെ 80% തിരികെ ഉപഭോക്താവിന് നൽകുന്നതാണ്.<br><br>5. ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 3 KW വരെയുള്ള നിലയങ്ങൾക്ക് ബഞ്ച് മാർക്ക് കോസ്റ്റിന്റെ 40% വും 3 ന് മുകളിൽ 10 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW ന് 40% വും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20% സബ്സിഡിയുമാണ് കേന്ദ്രസർക്കാർ നൽകുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. ഗാർഹിക ഉപഭോക്താക്കൾക്ക് 10 KW ന് മുകളിൽ സബ്സിഡിയില്ല. |

| | | | |
|---|---|---|---|
| | | | അനെർട്ട് മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിന് 'ബൈ മൈ സൺ' എന്ന ഓൺലൈൻ പോർട്ടൽ മുഖേന ഉപഭോക്താക്കൾ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കെ.എസ്.ഇ.ബി.എൽ. എം-പാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് അപേക്ഷകർ പ്ലാന്റ് സ്ഥാപിക്കുന്നത്. അപേക്ഷകർ തെരഞ്ഞെടുക്കുന്ന ഡെവലപ്പർമാർ സ്ഥലം സന്ദർശിച്ച് ഫീസിബിലിറ്റി പരിശോധന നടത്തുകയും തുടർന്ന് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഒരു കിലോവാട്ട് സോളാർ പാനൽ സ്ഥാപിക്കുന്നതിന് നിഴൽ പതിക്കാത്ത 100 ചതുരശ്ര അടി സ്ഥലം ആവശ്യമാണ്. സബ്സിഡി കഴിഞ്ഞുള്ള തുകയാണ് ഉപഭോക്താക്കൾ പ്ലാന്റ് സ്ഥാപിക്കുന്ന കമ്പനികൾക്ക് നൽകേണ്ടത്. പ്ലാന്റ് നിർമ്മാണം പൂർത്തിയായതിന് ശേഷം സബ്സിഡി തുക കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജമന്ത്രാലയത്തിൽ നിന്ന് ലഭിക്കുമ്പോൾ അത് പ്ലാന്റ് സ്ഥാപിച്ച കമ്പനികൾക്കാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ